18

# നല്ല അദ്ധ്യക്ഷന്മാർക്കു വേണ്ടി ഉടനെ ശ്രദ്ധിക്കേണ്ട ആവശ്യം

## (6:3- 7)

യെരുശലേം സഭയിൽ പിളർപ്പിലൂടെ വീണുപോയവരാണ് യവനഭാഷക്കാരായ വിധവമാർ. ആ സാഹചര്യത്തെ ഉടനെ അപ്പൊസ്തലന്മാർ കൈകാര്യം ചെയ്തില്ലായിരുന്നെങ്കിൽ പ്രത്യാഘാതം ആപൽക്കരമാകുമായിരുന്നു. നല്ല അദ്ധ്യക്ഷന്മാർ പ്രതിസന്ധിയിൽ എങ്ങനെ പ്രതികരിക്കുമെന്നു നമ്മുടെ കഴിഞ്ഞ പാഠത്തിൽ, നാം കണ്ടു. (1) നല്ല അദ്ധ്യക്ഷന്മാർ പ്രശ്നങ്ങളെ - മനസ്സിൽ തട്ടും വിധത്തിൽ കൈകാര്യം ചെയ്യും, (2) നല്ല അദ്ധ്യക്ഷന്മാർ ഇടവകയിൽ ഉൾപ്പെടും, കൂടാതെ (3) നല്ല അദ്ധ്യക്ഷന്മാർ ഉത്തരവാദി ത്വങ്ങൾ ഏല്പിച്ചു കൊടുക്കും. സഭയുടെ ഏറ്റവും വലിയ ആവശ്യം നല്ല അദ്ധ്യക്ഷന്മാരാണ്, നമുക്കു പ്രവൃത്തി 6 - ലേക്കു മടങ്ങിപോയി, 3 മുതൽ 7 വരെയുള്ള ഭാഗത്തുനിന്നു നല്ല അദ്ധ്യക്ഷന്മാർക്കുള്ള മറ്റു തത്വങ്ങൾ നമുക്കു കണ്ടുപിടിക്കാൻ ശ്രമിക്കാം.

### നല്ല അദ്ധ്യക്ഷന്മാർ ശരിയായ ആളുകളെ ശരിയായ ജോലികൾ ഏല്പിക്കും (6:3)

എല്ലാ ജോലികളും നല്ല അദ്ധ്യക്ഷൻമാർ സ്വയം ചെയ്യുന്നില്ലെങ്കിലും, പ്രത്യേക ജോലികൾ ഏല്പിച്ചവർ അതു *ചെയ്യുന്നു*ണ്ടോ - എന്നു ഉറപ്പുവരുത്തേണ്ടവരും ആകുന്നു. അവൻ "എല്ലാവരുടേയും ജോലി ആരുടെയും ജോലിയല്ല" എന്നു പറയാറുണ്ട്. പ്രത്യേക ജോലി ചെയ്യുവാൻ പ്രത്യേക വ്യക്തികളെ ഏല്പിക്കണം (ഏഴുപേർ) അപ്പൊസ്തലന്മാർ ഇടവകയോടു പറഞ്ഞു. പ്രത്യേക ജോലി ശ്രദ്ധിച്ചു ചെയ്യുവാൻ (മേശയിൽ ശുശ്രൂഷിക്കുവാൻ) ചിലരെ തിരഞ്ഞെടുത്തു കൊൾക.

ഇതിനർത്ഥം ആരെയെങ്കിലും ജോലി ഏല്പിച്ചാൽ മതി എന്നല്ല.

തിരഞ്ഞെടുക്കുന്നവർ *യോഗ്യതയുള്ളവരായിരിക്കണം* "മേശയിൽ ശുശ്രൂഷിക്കാൻ" ആളുകൾക്കു വേണ്ട യോഗ്യത എന്താണ്? അവർ നല്ല പാചകക്കാരാകണോ? ഭാരമുള്ള സാധനങ്ങൾ അടങ്ങിയ ചാക്കുകൾ ചുമന്നുകൊണ്ടുപോകാൻ ശക്തി വേണോ? മികവുറ്റ വെയിറ്റർമാർ ചെയ്യുന്നതു മൂന്നും നാലും പ്ലെയിറ്റുകൾ നിറഞ്ഞ ആഹാരം ഓരോകയ്യിലും കൊണ്ടുപോകാവുന്ന നല്ല പ്രാഗത്ഭ്യമായിരുന്നോ ആവശ്യം? തീർച്ചയായും, നമുക്കറിയാം ഇതൊന്നു*മല്ല* "മേശയിൽ ശുശ്രൂഷ ചെയ്യുവാനുള്ള" യോഗ്യത. ("മേശയിൽ ശുശ്രൂഷിക്കുക" എന്നത് മേശയിൽ വെക്കുന്ന ആഹാരത്തെ അവൾ "നല്ലൊരു മേശ ഒരുക്കുകാരി" എന്ന് വാച്യാലങ്കാരമായി പറയുന്നതു പോലെയാണ്. ''മേശയിൽ ശുശ്രൂഷിക്കുക'' എന്നത് ദിനമ്പ്രതിയുള്ള ശുശ്രൂഷയായിരുന്നു [വാക്യം 1].) ഈ ഭൗതികമായ ഏതു പ്രവൃത്തി ആണെങ്കിലും, പുറമെയുള്ള യോഗ്യതകൾക്കായിരുന്നില്ല ഊന്നൽ കൊടുത്തതു, പിന്നെയോ അകമെയുള്ളതിനായിരുന്നു - ഭൗതികമായിരുന്നില്ല, ആത്മീയമായിരുന്നു.

സ്ത്രീകളായിരുന്നില്ല, *പുരുഷന്മാരായിരുന്നു*, എന്നതാണ് തിരഞ്ഞെടുത്തവരുടെ ആദ്യത്തെ യോഗ്യത. തന്റെ സഭയ്ക്കു ദൈവം നിശ്ചയിച്ച അദ്ധ്യക്ഷസ്ഥാനത്തു വരേണ്ടതു ഏപ്പോഴും *പുരുഷന്മാരായിരുന്നു.*[1]

ആവശ്യമുള്ള പുരുഷന്മാരുടെ രണ്ടാമത്തെ യോഗ്യത *സേവന* മനസ്ഥിതിയായിരുന്നു: ''ആഹാരം വിളമ്പുന്നതിനെക്കുറിച്ചുള്ള'' ഉത്തരവാദിത്വമായിരുന്നു; അവർ ''മേശയിൽ ആഹാരം വിളമ്പുകയാണ്." "ശുശ്രൂഷ" "ശുശ്രൂഷ ചെയ്യൽ" എന്നീ വാക്കുകൾ തർജ്ജിമ ചെയ്തിരിക്കുന്നത് *ഡയാകോനോസ്* എന്ന ഗ്രീക്കുക്രിയാ രൂപമാണ്, "ദാസൻ" എന്ന വാക്കിൽ നിന്നാണ്, "ഡീക്കൺ" എന്ന വാക്കു കിട്ടിയത്.

ഇവർ ''ആദ്യത്തെ ഡീക്കൺസ്'' ശുശ്രൂഷകന്മാർ ആണോ എന്നതിനെക്കുറിച്ചു കൂടുതൽ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. രണ്ടു വശത്തു നിന്നും നല്ല നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ഒരു വശത്തു പറയുന്നതു "ഡീക്കൺ" എന്നതിന്റെ ക്രിയാരൂപം ഉപയോഗിച്ചിരി ക്കുന്നു, ഈ പുരുഷന്മാർ ഡീക്കൺസ് അല്ലെങ്കിൽ, ഡീക്കൺസ് ചെയ്യേണ്ട ജോലിയെ പറ്റി പറയുന്ന വേദഭാഗം നമുക്കു മറ്റൊന്നില്ല. വേറൊരു വശം പറയുന്നത് ഇവരെ ''ഡീക്കൺസ്''[2] എന്നു സൂചിപ്പിച്ചിട്ടില്ല, അവർക്കു പറഞ്ഞ യോഗ്യതകൾ ഡീക്കൺമാരുടേതല്ല (1 തിമൊഥെയോസ് 3:8–13).[3] മൂപ്പൻമാരെ കൂടാതെ, നമുക്കു ഡീക്ക ൺസ് ഉണ്ടാകാമോ എന്ന പാർശ്വചോദ്യം ഉയരും (ഫിലിപ്പിയർ 1:1; 1 തിമോഥെയോസ് 3:1, 8).[4] പ്രവൃത്തി 6-ലെ ഏർപ്പാടു ഒരു *പ്രത്യേക മായ* ഒന്നാണെന്നു ചിന്തിക്കുകയായിരിക്കും നല്ലത് – "പന്തിരുവർ" (6:2) "ഏഴു പേരാൽ" സഹായിക്കപ്പെട്ടു (21:8) – ഒരു താല്ക്കാലിക ഏർപ്പാട് പിന്നീട് സ്ഥിരമായ മൂപ്പൻമാരും ശുശ്രൂഷന്മാരും എന്ന ഏർപ്പാ ടായിമാറി (പ്രവൃത്തി 11:30; 14:23; ഫിലിപ്പിയൻ 1:1) ശുശ്രൂഷകന്മാരുടെ *മുന്നോടിയായി* ആ ഏഴുപുരുഷന്മാർ വിചാരിച്ചിരിക്കാം. ഈ വേദഭാ ഗത്തിൽ നിന്നും ശുശ്രൂഷകന്മാരുടെ

ജോലിയെ പറ്റി കൂടുതലായി നമുക്കു പഠിക്കാൻ *കഴിഞ്ഞു.*[5]

മൂന്നാമതായി, ഈ പുരുഷസേവകന്മാർക്കു ചില *ആത്മീയ* യോഗ്യതകളും വേണ്ടിയിരുന്നു. അവർ "ആത്മാവും, ജ്ഞാനവും നല്ല സാക്ഷ്യവുമുള്ളവരായിരിക്കണം.'' ''നല്ലസാക്ഷ്യം'' എന്നതു സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിൽ പെട്ടവരുടെയും ഇടയിൽ ബഹുമാന്യനായിരിക്കണം എന്നർത്ഥം (പ്രത്യേകിച്ചു ക്രിസ്തീയ സമൂഹത്തിൽ). അവർ യേശുവിന്റെയും അവന്റെ സഭയുടെയും പ്രതിനിധികളായി പ്രവർത്തിക്കേണ്ടവരായതുകൊണ്ട്, അവർക്കു "നല്ല സാക്ഷ്യം"[6] ആവശ്യമായിരുന്നു. ആയിരിക്കേണ്ടതുപോലെ അല്ലെങ്കിൽ ആർക്കും ഉയർന്ന സ്ഥാനങ്ങൾ ഉത്തരവാദിത്വം നല്കുകയില്ല.[7]

"ആത്മാവു നിറഞ്ഞവർ" എന്നാൽ "ആത്മാവിന്റെ നിയന്ത്രണ ത്തിലുള്ളവർ" എന്നർത്ഥം. ഈ സാഹചര്യത്തിൽ, അതു അത്ഭുത ശക്തിയെ സൂചിപ്പിക്കുന്നതല്ല.[8] ഈ യോഗ്യത സൂചിപ്പിക്കുന്നതു ഈ വ്യക്തി ആത്മീയ *പക്വതയുടെ* അളവു നേടിയവനായിരിക്കണം എന്നാണ്. തിരഞ്ഞെടുക്കപ്പെട്ടവർ അവർ സ്നാനമേറ്റപ്പോൾ അവർക്കു പരിശുദ്ധാത്മാവു എന്ന ദാനം ലഭിച്ചിരുന്നു (പ്രവൃത്തികൾ 2:38). അവർ തുടർച്ചയായി ആത്മശ്വാസിയ വാക്കുകൾ[9] കേട്ടു പഠിച്ചനുസരി ച്ചതുകൊണ്ടു, അവരുടെ ജീവിതത്തെ നിയന്ത്രിക്കുവാൻ അവർ ആത്മാവിനെ അനുവദിച്ചു. തൽഫലമായി, "ആത്മാവിന്റെ ഫലങ്ങൾ" പുറപ്പെട്ടു: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോ പകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ ജയം (ഗലാത്യർ 5:22, 23).[10]

ഈ പ്രവൃത്തി ചെയ്യേണ്ടതിന്നു വേണ്ടതായ പ്രായോഗിക യോഗ്യതയാണ് "ജ്ഞാനം" നൂറു കണക്കിനു ആളുകളുടെ ആവശ്യം നിറവേറ്റുവാൻ ഈ പുരുഷന്മാർക്കു നല്ലതീരുമാനവും സാമാന്യ ബുദ്ധിയും ആവശ്യമാണ്. തിരഞ്ഞെടുക്കപ്പെടുന്നവർ വിശ്വസിച്ചു ജോലി ഏല്പിക്കാവുന്നവരുമാകണം.

ഈ യോഗ്യതകളെ നമുക്കൊന്നുകൂടെ കണ്ണോടിക്കാം: "... ആത്മനിറവും നല്ല സാക്ഷ്യവും ജ്ഞാനവും." പ്രത്യേക "ജോലി ക്കു'' നിയോഗിക്കപ്പെട്ട, ശുശ്രൂഷകന്മാർക്കുള്ള യോഗ്യതകളായി മാത്രം നാം ഇതിനെ കാണാതെ – സഭയിലെ എല്ലാ പ്രവർത്തകർക്കും ഉപദേഷ്ടക്കന്മാരായാലും, മൂപ്പന്മാരായാലും, ശുശ്രൂഷകനായാലും, ബൈബിൾ ക്ലാസ് പഠിപ്പിക്കുന്ന ആളായാലും, സഭയുടെ ഖജാൻജി യായാലും, കെട്ടിടം വൃത്തിയാക്കുന്നവനായാലും വേണ്ടതാണിത്![11] നിങ്ങൾക്കു എന്തുത്തരവാദിത്വമാണ് നല്കിയിരി ക്കുന്നതെങ്കിലും, നല്ല സാക്ഷ്യം ആവശ്യമാണ്; നിങ്ങൾ വളരുന്ന ക്രിസ്ത്യാനി ആയിരി ക്കണം, നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിപ്പാൻ ദൈവത്തെ അനുവദിക്കണം; ഫലപ്രദമായി നിങ്ങൾ ഉത്തരവാദിത്വം നിറവേറ്റുവാൻ നിങ്ങൾ നല്ല സാമാന്യബുദ്ധിയുള്ള ആളായിരിക്കണം!

### നിർണ്ണയിക്കപ്പെട്ട ജോലിയുടെ പ്രാധാന്യം ഊന്നിപ്പറയുന്നവരാണ് നല്ല അദ്ധ്യക്ഷന്മാർ (6:4)

ശരിയായ ജോലിക്കു ശരിയായ ആളുകളെ അദ്ധ്യക്ഷന്മാർ

കണ്ടെത്തുമ്പോൾ, ആ ജോലിയുടെ പ്രാധാന്യത്തെ അവർ വ്യക്ത മാക്കും. അപ്പൊസ്തലന്മാരുടെ വാക്കുകൾ – "ഞങ്ങളോ പ്രാർത്ഥന യിലും, വചനശുശ്രൂഷയിലും ഉറ്റിരിക്കും" – എന്നതു പറയുമ്പോൾ മേശയിൽ ശുശ്രൂഷക്കുന്നതു തരം താഴ്ന്ന ജോലിയാണെന്നു തോന്നാം. അപ്പൊസ്തലന്മാരുടെ ഉദ്ദേശം അതായിരുന്നില്ല. അവർ സഭയെ പ്രത്യേക യോഗമായി വിളിക്കയും ഏഴുപേരെ ജോലിക്കായി തിര ഞ്ഞെടുക്കയും ചെയ്തു മേശയിൽ ശുശ്രൂഷിക്കുന്നതിന്റെ പ്രാധാന്യ ത്തെ അവർക്കു കാണിച്ചു കൊടുത്തു.

ആവശ്യമുള്ളവർക്കു ആഹാരം കൊടുക്കുന്നതും വിധവ മാരെ കരുതുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം പുതിയ നിയമത്തിൽ ഉടനീളം കാണാം. ന്യായവിധിനാളിൽ, ചിലരോടു കർത്താവു പറയും, "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ, ലോക സ്ഥാ പനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കി ക്കൊൾവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു" (മത്തായി 25:34, 35). "ശുദ്ധവും നിർമ്മലവുമായ ഭക്തിയോ" "അനാഥരെ, വിധവമാരെ അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതാകുന്നു" എന്നു യാക്കൊബ് ഊന്നി പറയുന്നു (യാക്കോബ് 1:27).

ക്രിസ്തുവിന്റെ നാമത്തിൽ "ചെറുതും" "വലുതുമായ" ജോലികൾ ഇല്ല; "പ്രധാനവും" "അപ്രധാനവുമായ" പ്രവൃത്തികളും എന്നില്ല. യേശു പറഞ്ഞു, "ശിഷ്യൻ എന്നു വെച്ച് ഈ ചെറിയവരിൽ ഒരുത്തന്നു ... *ഒരു പാനപാത്രം തണ്ണീർ മാത്രം* കുടിപ്പാൻ കൊടുക്കുന്ന വനു ... പ്രതിഫലം കിട്ടാതെ പോകയില്ല" (മത്തായി 10:42; എംഫസിസ് മൈൻ) നിങ്ങൾ ദൈവത്തെയും മനുഷ്യരേയും സേവിക്കുന്നു, എങ്കിൽ അതു അർത്ഥവത്താകണം!

പ്രാർത്ഥനയും വചന ശുശ്രൂഷയും പ്രാധാന്യമുള്ളതു തന്നെ; ആത്മാവു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നേടത്തോളം ഈ ശുശ്രൂഷ അനി വാര്യമാണ്. അതുപോലെ, "മേശയിൽ ശുശ്രൂഷിക്കുന്നതും" അതു പോലെയുള്ള മറ്റു ശുശ്രൂഷകളും തുല്യപ്രാധാന്യമുള്ളവയാണ് എന്നു നാം മനസ്സിലാക്കണം. കഴിഞ്ഞ ഞായറാഴ്ച ആർക്കൻസാസിലെ, ഒരു ഇടവകയിൽ ഞാൻ പ്രസംഗിക്കയുണ്ടായി. ഒരാൾ പാട്ട് നയിച്ചു മറ്റുള്ള വർ പ്രാർത്ഥിക്കുകയും കർത്തുമേശ വിഭാഗിക്കയും ചെയ്തു. ആരാ ധന നയിച്ച ഞങ്ങളാൽ മാത്രമേ ഇതു സാദ്ധ്യമായിരുന്നുള്ളോ? അല്ല. ഞങ്ങൾ കൂടി വരുന്ന കെട്ടിടം പണിയാൻ പണ്ട് സ്ത്രീകളും പുരുഷ ന്മാരും ജോലിചെയ്തിരുന്നു ചിലർ നല്കിയ പീഠങ്ങളിലാണ് ഞങ്ങൾ ഇരിക്കുന്നത് പാട്ടുബുക്കുകളും ഉപയോഗിച്ചിരുന്നു. ആ പ്രത്യേക ആരാധനയിൽ, ഒരാൾ കെട്ടിടം വൃത്തിയാക്കി; വേറൊരാൾ കർത്തു മേശ ഒരുക്കി; വേറൊരാൾ കെട്ടിടം തണുപ്പുണ്ടോ എന്നുറപ്പുവരുത്തി. അതിലുപരി, എല്ലാവരും ചെലവുകൾക്ക് ധർമ്മശേഖരം നല്കി. നമുക്കു; കണ്ടു പാട്ടു പാടുന്നതിനും ബൈബിൾ വായിക്കാനും, ചൂട് കുറക്കാൻ ഉപയോഗിക്കുന്ന ഫാനിന്റെ ഉപയോഗത്തിനും ചെലവുകൾ ഉണ്ട്. ഉപയോഗിക്കുന്ന വെള്ളത്തിനും നാം പരസ്യമായി; "ആരാധിക്കു ന്നതിന്റെ പിന്നിൽ" ചെയ്യുന്ന എല്ലാം തുല്യ പ്രാധാന്യമുള്ളവയാണ്.

ആളുകൾ തങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലിയുടെ പ്രാധാന്യം മനസ്സിലാക്കിയാൽ, അധികം പേരും അതു നന്നായി ചെയ്യുകയും അതിൽ നില നില്ക്കുകയും ചെയ്യും. നല്ല അദ്ധ്യക്ഷന്മാർ എല്ലാവരുടെയും ജോലികൾ സ്ത്രീ ആയാലും പുരുഷനായാലും ബോധ്യപ്പെടുത്തി കൊടുത്തു.

**നല്ല അദ്ധ്യക്ഷന്മാർ ഇടവകയുടെ ആശ്രയവും പിന്തുണയും ആസ്വദിക്കും (6:5)**

വെല്ലുവിളിയോടുള്ള ഇടവകയുടെ പ്രതികരണം അപ്പൊസ്ത ലന്മാർ സ്വീകരിച്ചതു "പുതിയ നിയമത്തിലെ ഏറ്റവും വലിയ അത്ഭുതമായി കണക്കാക്കാം": "ഈ വാക്ക് കൂട്ടത്തിന്നു ഒക്കെയും ബോധ്യമായി" (വാക്യം 5)![12] "കൂട്ടത്തിനു മുഴുവൻ ആ ആശയം ഇഷ്ടമായി"! എന്നാണ് ന്യൂസെഞ്ചുറി ബൈബിളിൽ ഉള്ളത്. കഴിഞ്ഞ നാല്പതു വർഷമായി ഞാൻ പ്രസംഗിച്ചു വരുന്നു, എന്നാൽ എന്റെ *എന്തെങ്കിലും* പ്രസ്താവന ഇടവകമുഴുവൻ ഇഷ്ടപ്പെട്ടതായി ഞാൻ പറഞ്ഞു കേട്ടിട്ടില്ല! അപ്പൊസ്തലന്മാരുടെ നിർദ്ദേശത്തെ അനുകൂലിക്കുന്നവരായിരുന്നു ഇതു പതിനായിരമോ മുപ്പതിനായിരമോ അംഗങ്ങൾ അതു വിസ്മയാവഹം തന്നെ!

അപ്പൊസ്തലന്മാരുടെ വാക്കുകൾ ഇടവക ഒന്നായി അംഗീകരിച്ചി*ല്ലെങ്കിൽ* എന്തു സംഭവിക്കുമായിരുന്നു? ആ സാഹചര്യം ഉണ്ടാകാതിരുന്നതുകൊണ്ട് അതിന്റെ ഉത്തരം വ്യക്തമായി നല്കുക പ്രയാസമാണ് മോശമായ കാര്യം കൂടുതൽ വഷളാകും എന്നു സുരക്ഷിതമായി നമുക്കു പറയാം. ഇടവകയിലെ അംഗങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ട നിർഭാഗ്യകരമായ സാഹചര്യം നാം മിക്കവാറും കണ്ടിട്ടുണ്ട് (അനുഭവിച്ചില്ലെങ്കിൽ) അങ്ങനെ സംഭവിച്ചാൽ, അപകടം വിദൂരമല്ല.

അപ്പൊസ്തലന്മാർ ആ കാര്യം കൈകാര്യം ചെയ്ത രീതിയാണ് "ഇടവകയുടെ മൊത്തം അംഗീകാരം നേടുവാനിടയായത്." ശക്തമായ പൊട്ടിത്തെറി ഉണ്ടാകാവുന്ന സാഹചര്യം അപ്പൊസ്തലൻമാർ മനസ്സിൽ തട്ടുന്നവിധം ബോധപൂർവ്വം അതു കൈകാര്യം ചെയ്തു. ഇപ്പോൾ അംഗങ്ങളുടെ പിന്തുണയോടെ അന്യോന്യം മാറി ചെയ്യാൻ *തുടങ്ങി* എല്ലാ ഇടവകയിലും അങ്ങനെയായിരിക്കണം – അദ്ധ്യക്ഷന്മാരും അഗംങ്ങളും അന്യോന്യം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യു*മ്പോൾ* അങ്ങനെയായിരിക്കും.

**നല്ല അദ്ധ്യക്ഷന്മാർ അവരുടെ പിന്തുണയും - ആശ്രയവും വേലക്കാർക്കു നല്കും (6:5, 6)**

അപ്പൊസ്തലന്മാരുടെ നിർദ്ദേശം ഇടവക സ്വീകരിച്ചതുകൊണ്ട്, ആശയം പെട്ടെന്നു വരുത്തി. "[ഇടവക] വിശ്വാസവും പരി ശുദ്ധാത്മാവും നിറഞ്ഞ പുരുഷനായ, സ്തെഫാനൊസ്, ഫിലിപ്പൊസ്, പ്രൊഖൊരൊസ്, നിക്കാനോർ, പർനമ്മെനാസ്, യെഹൂദമതാനുസാരിയായ അന്ത്യോക്യക്കാരൻ, നിക്കൊലൊവൊസ് എന്നിവരെ തിരഞ്ഞെടുത്തു"[13] (വാക്യം 5). ഈ ഏഴു പേരെ അവർ തീരുമാനിച്ചതെ ങ്ങനെ?

പ്രചാരമനുസരിച്ചുള്ള മത്സരമായിരുന്നില്ല; കർശനമായ ആവശ്യങ്ങൾ അപ്പൊസ്തലന്മാർ നിർദ്ദേശിച്ചിരുന്നു, അതു ഇടവക സമ്മതിക്കയും ചെയ്തു തിരഞ്ഞെടുത്തതിനെകുറിച്ചു അതല്ലാതെ, മറ്റൊന്നും ലൂക്കൊസ് നല്കിയിട്ടില്ല. *ചില* കാര്യങ്ങൾ ചെയ്യുവാൻ മനുഷ്യരോട് ദൈവം പറയുമ്പോൾ, അതെങ്ങനെ നല്ല തീരുമാന ത്തോടെ നടപ്പാകണമെന്നതു മനുഷ്യർക്കു വിട്ടുകൊടുക്കും.[14] അതാണ് ഈ കാര്യത്തിലുണ്ടാ യിരുന്നത്.

തിരഞ്ഞെടുത്ത ഏഴുപേരിൽ, ഒന്നാമത്തവൻ "സ്തെഫാനൊ സ് ആയിരുന്നു, വിശ്വാസവും[15] ആത്മാവുമുള്ളവനായിരുന്നു അവൻ." ഈ അദ്ധ്യയത്തിന്റെ അവസാന ഭാഗത്തും 7-ാം അദ്ധ്യയത്തിലും അവനാണ് മുഖ്യമായി വരുന്നത് എന്നതിനാൽ അവന്റെ പേർ ആദ്യം വന്നിരിക്കുന്നു. അടുത്തതായി ഫിലിപ്പോസിന്റെ പേർ പറഞ്ഞിരിക്കുന്നതു കാരണം 8-ാം അദ്ധ്യായത്തിലെ മുഖ്യവ്യക്തി ഫിലിപ്പോസ് ആണ്. മറ്റു അഞ്ചു പേരെ - പ്രൊഖൊരൊസ്,[16] നിക്കാനോർ, പർമ്മെനോസ്, നിക്കാലൊവൊസ്,[17] എന്നിവരെക്കുറിച്ച് പുതിയനിയമം മറ്റൊന്നും പറയുന്നില്ല.[18] പ്രാധാന്യമുള്ള കാര്യം എന്തെന്നാൽ പേരുകൾ എല്ലാം *ഗ്രീക്കുക*ളായിരുന്നു എന്നതാണ്. ഇതു സൂചിപ്പിക്കുന്നതു, എല്ലാവരും (അല്ലെങ്കിൽ അധികം പേരും) യവനഭാഷക്കാരായാലും യെഹൂദന്മാരാകാനാണ് ശക്തമായ സാദ്ധ്യത.[19] അങ്ങനെയെങ്കിൽ, ഇടവകയുടെ അത്ഭുത നടപടിയാണ് അതെടുത്തുകാണിക്കുന്നത്. "യവനഭാഷക്കാർക്കിടയിൽ നിന്നാണ് പിറുപിറുപ്പുയർന്നത്; ശുശ്രൂഷക്കു തിരഞ്ഞെടുത്തവരും യവനഭാഷക്കാർ അവരുടെ താല്പര്യം ഭേദമായിത്തന്നെ നിലനിർത്തി."[20] എബ്രായ യെഹൂദർ[21] യവന യെഹൂദന്മാരോടു, ഫലത്തിൽ പറഞ്ഞു: "*നിങ്ങളുടെ* വിധവമാരെക്കുറിച്ചു കരുതുവാൻ നിങ്ങളെ ഞങ്ങൾ വിശ്വസിക്കുന്നു."[22]

ഇടവക ഏഴുപേരെ തിരഞ്ഞടുത്തശേഷം, "അപ്പൊസ്തലന്മാരുടെ മുമ്പാകെ നിർത്തി; അവർ പ്രാർത്ഥിച്ചു, അവരുടെ [അപ്പൊസ്തലന്മാർ] മേൽ കൈവെച്ചു" (വാക്യം 6). ശുശ്രൂഷിക്കാൻ വ്യക്തികളെ തിരഞ്ഞെടുത്തശേഷം, അവരെ "യഥാസ്ഥാനത്താക്കേണ്ടതുണ്ട്" അതു ആ പ്രവർത്തിയുടെ ഗൗരവം അവരെ ഉണർത്തുന്ന ആഘോഷമായിരുന്നു അത് - അവർ ശുശ്രൂഷിക്കയും സഹായിക്കയും പിന്തുണ നല്കുകയും ചെയ്യുന്ന ആളുകളുടെ മനസ്സിനെ തൃപ്തിപ്പെടുത്തുന്നതുമായിരുന്നു അത്. ഇതു അപ്പൊസ്തലന്മാർ ചെയ്തതു പ്രാർത്ഥിച്ചു (14:23) അവരുടെ മേൽ കൈവെച്ചുകൊണ്ടാണ് ഇടവകയുടെ മുമ്പാകെയാണ് അവർ പ്രാർത്ഥിക്കുകയും കൈവെക്കുകയും ചെയ്തത്.

കൈവെപ്പ് ആഘോഷത്തിൽ എന്തൊക്കെ ഉൾപ്പെട്ടിരുന്നു എന്നു കൃത്യമായി നമുക്കറിഞ്ഞുകൂടാ ബൈബിൾ കാലഘട്ടത്തിൽ കൈവെപ്പ് വ്യത്യസ്തകാരണങ്ങൾക്കായി നടത്തിയിരുന്നു ഒരു അനുഗ്രഹം പകരേണ്ടതിനു (ഉല്പത്തി 48:13–20), സൗഖ്യപ്പെടുത്തുവാൻ (28:8), ഒരു ഉദ്യോഗത്തിൽ നിയമിച്ചു അധികാരം ഏല്പിക്കുവാൻ (സംഖ്യാപുസ്തകം 27:18, പ്രവൃത്തി 13:3).[23] അപ്പൊസ്തലന്മാർ ക്രിസ്ത്യാനികളിൽ അത്ഭുതശക്തി പകരേണ്ടതിനു കൈവെച്ചിട്ടുണ്ട് (പ്രവൃത്തി 8:18; 19:6) ഈ ഏഴുപേരുടെ

കാര്യത്തിൽ, കൈവെപ്പിനു രണ്ടുദ്ദേശം ഉണ്ടായിരുന്നേക്കാം: അവരെ പുതിയ പ്രവൃത്തിക്കായി ഔപചാരിക മായി വേർതിരിക്കുവാനും *കൂടാതെ* അവർക്കു പുതിയ ഉത്തരവാദിത്വം[24] യോജിച്ച നിലയിൽ പ്രവർത്തിക്കേണ്ടതിനുമായിരുന്നു അതു.[25]അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ സൂചിപ്പിച്ചതു, "ഞങ്ങളുടെ പിന്തു ണയും സഹായവും ഇടവകയോടും തിരഞ്ഞെടുക്കപ്പെട്ടവരോടും ഉണ്ടായിരിക്കും എന്നാണ്!"

ഞങ്ങൾ കൈവച്ചു അത്ഭുതശക്തി പകർന്നു കൊടുക്കുന്ന അപ്പൊസ്തലന്മാർ മാത്രമല്ല, ഏതു സാഹചര്യത്തിലും തിരഞ്ഞെടു ക്കുന്ന മാർഗ്ഗത്തിലൂടെ പുതിയ അദ്ധ്യക്ഷന്മാരെ യഥാസ്ഥാനത്താ ക്കുന്ന ഞങ്ങൾ ഈ മാർഗ്ഗം എഴുതുന്നതെന്നു അപ്പൊസ്തലന്മാർ കാണിച്ചു കൊടുത്തു. അവ ഈ രീതിയിലുള്ള മാതൃക നമുക്കു നിർബ്ബന്ധമായും പിൻപറ്റാം: (1) നമുക്കും പ്രാർത്ഥനയിൽ ഉറ്റിരിക്കാം, (2) പ്രവർത്തിയുടെ ഗൗരവത്തിനു നമുക്കു ഊന്നൽകൊടുക്കാം, (3) നാം നിയമിക്കുന്നവർക്കു നമ്മുടെ സഹായവും പിന്തുണയും നമുക്കു നല്കാം.[26]

പുതിയ വേലക്കാർക്കു വേണ്ട സഹായവും പിന്തുണയും നല്ല അദ്ധ്യക്ഷന്മാർ നല്കുന്നതുകൂടാതെ; ആ ജോലി ചെയ്യുവാൻ അവരെ *വിശ്വസിച്ച്* ഏല്പിക്കയും വേണം. "വരികൾക്കിടയിൽ വായിച്ചാൽ," 6 ഉം 7 ഉം വാക്യങ്ങളിൽ നിന്നു, ഞാൻ താഴെ കൊടുക്കുന്നതു നിർദ്ദേശി ക്കുന്നു: (1) ആ ഏഴുപേരെ പ്രാർത്ഥിച്ചു കൈവച്ചു, അവരുടെ ജോലി യിൽ ഇടപെടാതെ അവരെ വിശ്വസിച്ച് ആക്കുന്നു; (2) അവർ ചെയ്യുന്ന പ്രവൃത്തിയിൽ എടുക്കുന്ന തീരുമാനം ശരിയാണോ എന്നു അപ്പൊസ്തലന്മാർ ഓരോ സമയത്തും പരിശോധിക്കയുണ്ടായില്ല; (3) ആ ഏഴുപേർ അവർ ഏറ്റെടുത്ത ജോലി അങ്ങനെ തന്നെ *ചെയ്തു*. ആദ്യത്തെ രണ്ടു പ്രസ്താവനകളും ശരിയാണെന്നു കരുതുവാൻ, കാരണം മറ്റെന്തായാലും അത് അപ്പൊസ്തലന്മാരുടെ അവരെ തിരഞ്ഞെടുക്കാനുള്ള ഉദ്ദേശത്തെ ഇല്ലാതാക്കും. അങ്ങനെ അപ്പൊസ്തലന്മാർ വചന ശുശ്രൂഷയിൽ നിന്നു വിട്ടുപോകും. മൂന്നാമ ത്തേതു ശരിയാണെന്നു കരുതാൻ കാരണം 7–ാം വാക്യത്തിൽ വിവ രിച്ച അതിന്റെ ക്രിയാത്മക ഫലമാണ്.

ഞാൻ ഈ വിശദീകരണത്തെ സമ്മർദ്ദത്തോടെ പറയാൻ കാരണം ഇന്നു ശുശ്രൂഷകന്മാരെ തിരഞ്ഞെടുക്കൽ മൂപ്പന്മാരെ ഇടയത്വത്തിൽ ശ്രദ്ധിക്കുവാൻ സ്വതന്ത്രരാക്കു*ന്നില്ല*; ശുശ്രൂഷകന്മാരുടെ ഓരോ തീരുമാനത്തെയും മൂപ്പന്മാർ പരിശോധിക്കുന്നു.[27] ഞാൻ എല്ല മൂപ്പന്മാരോടും പറയുന്നതു: ശുശ്രൂഷകന്മാരെ തിരഞ്ഞെടുത്താൽ, അവരെ ഏല്പിക്കുന്ന ജോലി ചെയ്യാൻ അവരെ അനുവദിക്കണം! അവരെ *വിശ്വസിക്കുക*. നിങ്ങൾക്കു അവരെ വിശ്വാസമില്ലെങ്കിൽ, അവരെ തിരഞ്ഞെടുക്കരുത്. അവർ നിങ്ങളുടെ വിശ്വാസത്തെ തള്ളിക്കളഞ്ഞു ജോലി ചെയ്യുന്നതിൽ പരാജയപ്പെടു ന്നുവെങ്കിൽ, അവരെ മാറ്റി വിശ്വാസമുള്ളവരെ നിയമിക്കുക. നിങ്ങളുടെ സമയം ആട്ടിൻക്കൂട്ടത്തെ മേയ്ക്കുന്നതിനു ചെലവിടുക!

**ഉപസംഹാരം**

ഒരിക്കൽകൂടെ സാത്താൻ സഭയെ നശിപ്പിക്കാൻ ശ്രമിച്ചു, ഒരിക്കൽകൂടെ പരാജയപ്പെട്ടു. നമ്മുടെ കഴിഞ്ഞ പാഠം വിസ്മയാവഹമായ വളർച്ചാ പ്രസ്താവനയോടെയാണ് ആരംഭിച്ചത്; ഈ പാഠം അതേ പ്രസ്താവനയോടെ അവസാനിപ്പിക്കുന്നു: "ദൈവവചനം പരന്നു; യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി" (വാക്യം 7). മുൻപു അംഗസംഖ്യ നാം കണക്കാക്കിയതു ഏകദേശം ഇരുപതിനായിരത്തിനും മുപ്പതിനായിരത്തിനും മദ്ധ്യേ ആയിരുന്നു; ഇപ്പോൾ "സംഖ്യ ... യെരുശലേമിൽ വീണ്ടും *പെരുകി*." ഈ വളർച്ചാനിരക്കു ഒരു വിസ്മയക്കുറിപ്പു നല്കുമാറാകുന്നു! "*പുരോഹിതന്മാരിലും* വലിയൊരു കൂട്ടം വിശ്വാസത്തിനു അധീനരായി തീർന്നു" (വാക്യം 7; എംഫസിസ്മൈൻ) വളർച്ച നമുക്കു ഊഹിക്കാൻ കഴിയുന്നതിനപ്പുറമായി. ഇവർ ഒരുപക്ഷെ അപ്പൊസ്തലന്മാരെ ഉപദ്രവിച്ചിരുന്ന "മഹാപുരോഹിതൻമാർ" ആയിരിക്കാൻ ഇടയില്ല (4:23; 5:24), മറിച്ച് ദൈവാലയത്തിൽ വർഷം തോറും രണ്ടാഴ്ച്ച സേവനം നടത്തുന്ന "സാധാരണ" പുരോഹിതന്മാരായേക്കാം ഇതു എടുത്തു പറയേണ്ട പ്രസ്താവനയാണ്.[28] ന്യായാധിപസഭയിലെന്നപോലെ, പുരോഹിതന്മാരിൽ താല്പര്യം തെറ്റുകളിലാണ്; അതിനു വിപരീതമായി, പുരോഹിതൻമാരിൽ വലിയൊരു ഭാഗം ആത്മാർത്ഥമായി ക്രിസ്ത്യാനിത്വത്തെ പരിശോധിക്കാനുള്ള ഹൃദയമുണ്ടായി. അവർ അങ്ങനെ "വിശ്വാസത്തിനു അധീനരായി"[29]അവർ ക്രിസ്ത്യാനികളായി തീർന്നു!

യെരുശലേം സഭയുടെ വളർച്ചയെ പ്രതിപാദിക്കുന്ന ഉച്ചസ്ഥായിയായ പ്രസ്ഥാവനയാണ് 7-ാം വാക്യം. ആളുകൾ പിളർപ്പിൽകൂടെ വീഴുമ്പോൾ നല്ല അദ്ധ്യക്ഷന്മാർ ക്രിയാത്മകമായി പ്രതികരിച്ചാൽ എന്തു സംഭിവിക്കാനിടയുണ്ട് എന്നു കാണിക്കുന്നു!

---

**ദൃശ്യ - സഹായകുറിപ്പുകൾ**

---

ഓരോ സ്ത്രീയും പുരുഷനും അവരുടെ പങ്ക് നിർവ്വഹിക്കു മ്പോൾ സഭ വർദ്ധിക്കുമെന്ന മുഖ്യ ഊന്നലാണ് നാം കഴിഞ്ഞ പാഠ ത്തിൽ നിന്നും ഈ പാഠത്തിൽ നിന്നും പഠിച്ചത്. ഈ അവതരണം നിങ്ങൾ ക്ലാസിൽ നടത്തുകയാണെങ്കിൽ, അതു ഇങ്ങനെ ചിത്രീകരിക്കാം: ക്ലാസിനു മുമ്പാകെ, കുറെ കമ്പുകൾ എടുത്തു കൂട്ടിക്കെട്ടുക ക്ലാസ് നടക്കുന്നതിനിടയിൽ, ഓരോരുത്തരെ വിളിച്ച് കൂട്ടിക്കെട്ടിയ കെട്ടിനെ രണ്ടായി പൊട്ടിക്കാൻ പറയുക (ഓരോരുത്തരും പരാജയപ്പെടുന്നു) അവസാനം, അവരെ അവിടെത്തന്നെ നിർത്തിക്കെട്ടുക അഴിച്ച ഓരോ കമ്പും ഓരോരുത്തർക്കുകൊടുക്കുക. അവർക്കു അതു വളരെ എളുപ്പ ത്തിൽ പൊട്ടിക്കാൻ കഴിയുന്നു. ഒരാൾ എല്ലാം ഒരുമിച്ചു ചെയ്യാൻ പ്രയാസമാണ് അതു വിഭാഗിച്ച് ഓരോരുത്തരെ ഏല്പിച്ചാൽ, അനേകർ ക്ക് അനേകകാര്യങ്ങൾ *ചെയ്യാൻ* കഴിയും.

## പ്രസംഗക്കുറിപ്പുകൾ

സി. ബ്രൂസ് വൈറ്റ് പ്രവൃത്തികൾ 6:1–5 വരെയുള്ള വാകൃങ്ങളെക്കുറിച്ച് “നേതൃത്വം പ്രവൃത്തിയിൽ” എന്ന വിഷയത്തെക്കുറിച്ചു പ്രസംഗിച്ച (*പ്രീച്ചേഴ്സ് പീരിയോഡിക്കൽ* [ഡിസംബർ, 1986]). അതിന്റെ ബാഹ്യരൂപരേഖക്കു അദ്ദേഹം മൂന്നു ‘‘സി’’ ഉപയോഗിക്കു ന്നു: (1) കംപ്ലെയിനിങ് പരാതിപ്പെടൽ (വാക്യം 1), (2) കൗണ്ടർ ആക്ഷൻ പ്രത്യാക്രമണം (വാകൃങ്ങൾ 2–4), (3) കൺടെന്റ്മെന്റ് സംതൃപ്താവസ്ഥ (വാക്യം 5).

കുറിപ്പുകൾ

[1]പ്രവൃത്തി 1:21-ലെ വ്യാഖ്യാനം നോക്കുക. [2]മറിച്ച് അവരെ വിളിച്ചിരുന്നതു “ഏഴുവർ’’ എന്നാണ് (21:8). [3]ഉദാഹരണമായി, ശുശ്രൂഷകൻ ആകാൻ പറ്റിയ യോഗ്യതയിൽ *കുടുംബവും* പ്രധാന ഘടകമാണ്, ഏഴുവരിൽ കുടുംബപരിഗണനയെന്നും കൊടുത്തിരുന്നില്ല. [4]ഗ്രീക്കുവാക്കായ *ഡയാകോണോസ്* എന്നതു *ജാതിയമായും* ഉപയോഗി ക്കാം *ഏതെങ്കിലും* ഒരു ദാസനെയോ അല്ലെങ്കിൽ ഇടവകയിലെ ഒരു ശുശ്രൂഷകനെ *പ്രത്യേകമായോ* സൂചിപ്പിക്കുന്നതിനുപയോഗിക്കാം. നിഘണ്ടുവിലെ “ശുശ്രൂഷകർ” എന്നതു നോക്കുക. [5]ശുശ്രൂഷകനു കൊടുക്കേണ്ട തരം ഉത്തരവാദിത്വത്തോടൊപ്പം, പൊതുവായ പരിശീലനമായി 6:3 ലെ യോഗ്യതകളും ശുശ്രൂഷകന്മാർക്കുണ്ടായിരുന്നു: രണ്ടും പ്രശം സാ ചിന്തയായി കരുതണം. [6]“ഉയർന്ന ആകൃതി” സൂചിപ്പിക്കുന്നതു നമുക്കു ചെയ്യാൻ കഴിയുന്നതു മറ്റുള്ളവർക്കു കാണാൻ കഴിയുന്നതും; “താഴ്ന്ന പ്രകൃതി” സൂചിപ്പിക്കുന്നതു നാം ചെയ്യുന്ന സ്ഥാനത്തു ആർക്കും കാണാൻ കഴിയാത്തതുമാണ്. [7]ഒരു മനുഷ്യൻ എത്ര നന്നായി സംസാരിച്ചാലും, പാട്ട് നയിച്ചാലും, പ്രാർത്ഥിച്ചാലും, മുതലായവ.; അവരുടെ താലന്തുകൾ ദൈവഭക്തിയുള്ള ജീവിതത്തോടു കൂടെയില്ലെങ്കിൽ അതു സഭയെ വ്രണപ്പെടുത്തുമെന്ന കാര്യത്തിൽ ഒരു വ്യത്യാസവുമില്ല. [8]അപ്പൊസ്തലന്മാരെ സംബന്ധിച്ച് പദപ്രയോഗം അത്ഭുതശക്തിയെ പറ്റിപറയുന്നു. ഈ സമയം വരെ, അപ്പൊസ്തവിലന്മാരല്ലാതെ മറ്റാരും അത്ഭുതങ്ങൾ ചെയ്തിട്ടില്ല. സ്തെഫാനൊസിനും ഫിലിപ്പൊസിനും അത്ഭുതം ചെയ്യുവാനുള്ള കഴിവ് അപ്പൊസ്തലന്മാരുടെ കൈവെപ്പിനു *ശേഷമാണ്* ലഭിച്ചത് എന്നു വ്യക്തം (8:18). [9]അപ്പൊസ്തലന്മാർ പ്രസംഗിച്ചു വചനം അവർ കേട്ടു. [10]പ്രവൃത്തി 6 ലെ ദാസന്മാരിൽ മൂന്നു യോഗ്യതകളേ, ഒറ്റ നോട്ടത്തിൽ കാണുന്നുമില്ല. എങ്കിലും, “പരിശുദ്ധത്മാവിന്റെ നിറവ്’’ ഒരാളിൽ വേണമെങ്കിൽ “ആത്മാവിന്റെ ഫലങ്ങൾ” അയാളുടെ ജീവിതത്തിൽ കാണണം, എങ്കിലും “പരിശുദ്ധാത്മാവിന്റെ നിറവ്” ഒരാളിൽ വേണമെങ്കിൽ ആത്മാവിന്റെ ഫലങ്ങൾ അയാളുടെ ജീവിതത്തിൽ കാണണം, ഇതു *കൂടുതൽ* “യോഗ്യതകൾ” നല്കുന്നു!

[11]സമയം അനുവദിക്കുന്ന പക്ഷം പ്രാദേശിക ഇടവകയിലുള്ള പ്രത്യേക ജോലികൾ അല്ലെങ്കിൽ സ്ഥാനങ്ങൾ നമുക്കു കണ്ടെത്താം. [12]“പുതിയനിയമത്തിലെ ഏറ്റവും വലിയ അത്ഭുതമായി” 5:7 നിങ്ങൾ കണ്ടുവെങ്കിൽ, “*രണ്ടാമത്തേത്* വലിയ അത്ഭുതമായി” 6:5 ആയിഗണിക്കാം. ഇതു നേരമ്പോക്കിൽ പറഞ്ഞതാണ്, എന്നാൽ അതിൽ ഒരു ഗൗരവമായ പോയിന്റ് ഇടവകയും അദ്ധ്യക്ഷന്മാരും തമ്മിലുള്ള ബന്ധത്തിലുണ്ട്. [13]സഭയിലെ ആദ്യ യെഹൂദമതാനുസാരിയെ പറ്റി പറഞ്ഞതിനാണ്.

ഒരു പക്ഷേ ചിലർ നേരത്തെ സ്നാനപ്പെട്ടിരിക്കാം (പ്രവൃത്തി 2:10, 38, 41). ഒരു യെഹൂദമതാനുസാരി ക്രിസ്ത്യാനിയായി തീർന്നു എന്നു പറഞ്ഞത് ഇതാദ്യമാണ് പ്രവൃത്തി 1 ലെ നിഘണ്ടുവിൽ "യെഹൂദമതാനുസാരി" എന്നതു നോക്കുക. [14]കൂറെകൂടെ നിർദ്ദേശങ്ങൾ 14:21-23 വരെയുള്ള ഭാഗത്തെക്കുറിച്ചു നല്കാം. [15]"വിശ്വാസം മുഴുവനും" എന്നു പ്രത്യേകമായി പറഞ്ഞിട്ടില്ലെങ്കിലും യോഗ്യതകളിൽ അന്തർലീനമാണ്. "വിശ്വാസ നിറവും പരിശുദ്ധാത്മാവും" അപ്പൊസ്തലന്മാർ വെച്ച യോഗ്യതകൾ അവനിൽ ഉണ്ടായിരുന്നു (മറ്റു, ആറുപേരിലും ഉണ്ടായിരുന്നു എന്നു വ്യക്തം). [16]ദൈവശ്വാസിയമല്ലാത്ത പാരമ്പര്യപ്രകാരം, പ്രൊഖൊരോസ് അന്ത്യോക്യയിൽ വെച്ചു രക്തസാക്ഷിയായി. [17]നിക്കോലേവ്യരുടെ വിഭാഗം (വെളിപ്പാട് 2:6, 15 എന്നീ വാക്യങ്ങൾ വില ക്കിയിരുന്നു) അവകാശപ്പെടുന്നതു, ആരംഭം നിക്കോളാസിൽ നിന്നും ആണെന്നാണ്. ഒരു പക്ഷേ അവരുടെ മതഭേദത്തിനു വിശ്വസനീയത നല്കാൻ അവന്റെ പേരിട്ടതാകാം. [18]നിക്കൊലോവ് ''അന്ത്യോക്യക്കാരനാണെന്നു'' ലൂക്കൊസ് പറഞ്ഞതിനാലും അതേ വിവരം മറ്റാറുപേരുടെ കാര്യത്തിൽ പറയാതിരുന്നതിനാലും, ആ പ്രയോഗത്തിനു അല്പം പ്രാധാന്യമുണ്ടാകാം. പൗലൊസിന്റെ അടിസ്ഥാനമിഷനറി പ്രവർത്തനങ്ങൾ അവിടെ അടിസ്ഥാനമാക്കിയതുകൊണ്ടാകാം ഒരു പക്ഷേ ലൂക്കൊസ് സുറിയയിലെ അന്ത്യോക്യയെ പരിചയപ്പെടുത്തിയത് (കൂടാതെ, ദൈവശ്വാസിയമല്ലാത്ത പാരമ്പര്യം പറയുന്നതു, ലൂക്കൊസ് അന്ത്യോക്യകാരനായിരുന്നു എന്നാണ്). [19]അതിനാൽ, ഏഴുപേരുടേയും പേരുകൾ ഗ്രീക്കു പേരുകളായിരുന്നതു കൊണ്ടു അവരെല്ലാം യവനഭാഷക്കാരായ യെഹൂദന്മാരായിരുന്നു എന്നു തെളിയുന്നില്ല; അപ്പൊസ്തലന്മാരിൽ ചിലർക്കു ഗ്രീക്കു പേരുകൾ ഉണ്ടായിരുന്നു (അന്ത്രെയോസ്, ഫിലിപ്പൊസ്). എങ്കിലും, ഫിലിപ്പൊസ് എന്ന പേരൊഴിച്ചു, അധികം പേരുകളും പൊതുവായ ഗ്രീക്കു പേരുകളല്ല - അവ പാലസ്തീൻ യെഹൂദർക്കു യോഗ്യമായിരുന്നു. ആ ഏഴുപേർ ഒരുപക്ഷെ യെരുശലേമിലെ സഭയിലെ യവനഭാഷക്കാർക്കിടയിലെ പ്രമാണിമാർ ആയിരുന്നേക്കാം. [20]ലൂയിസ് ഫോസ്റ്റർ, പ്രവൃത്തികളെ വ്യാഖ്യാനിക്കുന്നു, *ദി NIV സ്റ്റഡി ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്, സോബർവൻ പബ്ലിഷിങ്ങ് ഹൗസ്, 1985), 1654.

[21]ഭൂരിപക്ഷത്തിൽ എബ്രായരായ യെഹൂദന്മാർ ഉണ്ടാകും. [22]പിന്നീട് വരുന്ന ലക്ക ത്തിലെ പ്രവൃത്തികൾ 14:21-23 ലെ നോട്ടുകൾ വീണ്ടും ശ്രദ്ധിക്കുക. [23]"കൈവെപ്പ്" എന്ന പ്രയോഗം "തടവിലാക്കുവാൻ" പിടിക്കുന്നതിനെയും സൂചിപ്പിക്കുന്നു (4:3) കൂടാതെ, പഴയനിയമത്തിൽ അടയാളമായി മൃഗങ്ങളുടെമേൽ കൈവെക്കുമായിരുന്നു (ലേവ്യാപുസ്തകം 1:4). [24]കുറച്ചു കഴിഞ്ഞു, സ്തെഫാനൊസിനും ഫിലിപ്പൊസിനും അത്ഭുതം ചെയ്യുവാനുള്ള ശക്തി ലഭിച്ചിരുന്നു (6:8; 8:6-8). മറ്റു അഞ്ചുപേരെക്കുറിച്ചു നമ്മോട് അധികമൊന്നും പറയുന്നില്ല. സ്തെഫാനൊസിനെയും ഫിലിപ്പൊസിനേയും സഭയിലെ പ്രത്യേകസേവനത്തിന് തിരഞ്ഞെടുത്തപ്പോൾ, അവർക്കു അത്ഭുതവരങ്ങൾ ലഭിച്ചിരുന്നില്ല. അധികം താമസിയാതെ അപ്പൊസ്തലന്മാർ അവരുടെമേൽ കൈവെച്ചിരിക്കണം. [25]തിരുവെഴുത്തിൽ പിൻഗാമിക്കു അതേ ശക്തി ലഭിക്കുവാൻ മുൻഗാമി യോടൊപ്പം ദൈവം ഉണ്ടായിരുന്നു എന്നു കാണിക്കുവാൻ പൊതുവായ പരിശീലനമായിരുന്നു അതു. പന്തിരുവരോടുകൂടെ ദൈവം ഉണ്ടായിരുന്നു എന്നു കാണിക്കുവാൻ ഏഴുപേർക്കു പ്രത്യേക അത്ഭുതശക്തി കൊടുത്തതാകാം. [26]അമേരിക്കയിൽ, ഒരാൾ തന്റെ പിന്തുണ പ്രഖ്യാപിക്കുന്നതു കൈ കുലുക്കിയാണ് അല്ലെങ്കിൽ പുറത്തു, തട്ടും പുതിയനായകന്മാരെ ഇടവക പിന്തുണ പ്രഖ്യാപിക്കുവാൻ ഞാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതു അവരുടെ "കൈകൾവെച്ചു" ഷെക്ക് ഹന്റ് കൊടുക്കയോ ചെയ്യും. അല്ലെങ്കിൽ ആരാധനക്കുശേഷം അവരുടെ പുറത്തു തട്ടും. [27]ചിലപ്പോൾ മൂപ്പന്മാരുടെ അദ്ധ്യക്ഷരീതിയിൽ വന്ന, തെറ്റിന്റെ ഫലമായു ണ്ടാകുന്നതാണ്. ചിലപ്പോൾ ഇതു ശുശ്രൂഷകൻമാരുടെ തെറ്റാകാം; അവരുടെ ഉത്തരവാദിത്വം മുഴുവനായും എടുത്തു പ്രവർത്തിക്കാൻ തയ്യാറാകാതെയായിരിക്കാം.

[28]ഈ സമയം ഏതാണ്ട് 18,000 പുരോഹിതന്മാരും ലേവ്യരും ഉണ്ടായിരുന്നു എന്നു കണക്കാക്കിയിരുന്നു ഇവരിൽ ചിലർ ആത്മാർത്ഥതയുള്ളവരായിരുന്നു, യോഹന്നാൻ സ്നാപകന്റെ അപ്പനായിരുന്ന സെഖര്യാവ്, ദൈവഭയമുള്ളവനോ അനുസരണക്കാരനായിരുന്നു (ലൂക്കൊസ് 1:5, 6). ഈ പരിവർത്തനം ചെയ്യപ്പെട്ട പുരോഹിതന്മാർ പിന്നെ ദൈവാലയത്തിൽ ശുശ്രൂഷ ചെയ്തോ എന്നതിനെക്കുറിച്ചു ധാരാളം ഊഹാപോഹങ്ങൾ ഉണ്ടായിട്ടുണ്ട്. അവർ അങ്ങനെ ചെയ്തു, എന്നു വിശ്വസിക്കാൻ കാരണമില്ല. അവർ അങ്ങനെ ചെയ്താൽ ബൈബിളിലെ തുറന്ന ഉപദേശമായ "ദൈവം കൈപ്പണിയായ ക്ഷേത്രങ്ങളിൽ വസിക്കുന്നില്ല" എന്നതിനു വിരുദ്ധമാകും (7:48). കൂടാതെ, അവർ അങ്ങനെ ചെയ്താൽ ക്രിസ്ത്യാനികൾ ചിതറിപ്പോയപ്പോൾ (8:1-4), അവരുടെ ജോലി വേണോ അതോ ക്രിസ്തുവിലുള്ള വിശ്വാസത്തിനു വേണ്ടി നിലനില്ക്കണോ എന്നു തിരഞ്ഞെടുക്കേണ്ടിയിരുന്നു. [29]ആളുകൾ വെറുതെ യേശുവിൽ വിശ്വസിച്ചു ക്രിസ്ത്യാനികളായതല്ല എന്നു ഈ ചുരുക്കപ്രസ്താവന കാണിക്കുന്നു. അവരുടെ പ്രതികരണത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു *അനുസരണം.* ചിലർ ഈ പദപ്രയോഗത്തിന്റെ അർത്ഥത്തെ വ്യാഖ്യാനിച്ച് "വിശ്വാസത്തിൽ ഉൾപ്പെട്ടിരിക്കുന്ന അനുസരണത്തിന്റെ'' ഫലം ഒഴിവാക്കുകയാണ് എങ്ങനെയായാലും, മൂലവേദഗ്രന്ഥത്തിൽ "പുരോഹിതന്മാർ വിശ്വാസത്തെ *അനുസരിച്ചു*" എന്നാണുള്ളത്. ഇംഗ്ലീഷിൽ "ഫെയിത്ത്" എന്നതിന്റെ മുമ്പിൽ "ദി" എന്നുള്ളത് അതു സാധാരണ യേശുവിന്റെ ഉപദേശത്തെ കേന്ദ്രീകരിച്ചു ള്ളതായിരുന്നു. അതു പുതിയ നിയമത്തിൽ (യൂദ 3-ൽ നോക്കു) രേഖപ്പെടുത്തിയിരിക്കുന്നു. യേശു ആവശ്യപ്പെട്ടതെല്ലാം, സ്നാനമടക്കം ചെയ്യുവാൻ പുരോഹിതന്മാർ തയ്യാറായി (2:38).